**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5061** **14-03-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളിൽ തൊഴിൽ അഭിരുചികൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. എം. വിൻസെൻറ് ,<br>ശ്രീമതി ഉമ തോമസ്,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പുതിയ കാലഘട്ടത്തിലെ നൂതന തൊഴിൽ സാധ്യതകൾ മുന്നിൽ കണ്ട് വിദ്യാർത്ഥികളുടെ തൊഴിൽ അഭിരുചികൾ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | പുതിയ കാലഘട്ടത്തിലെ നൂതന തൊഴിൽ സാധ്യതകൾ മുന്നിൽ കണ്ടുകൊണ്ടുള്ള തൊഴിൽ ഉദ് ഗ്രഥിത വിദ്യാഭ്യാസം പാഠ്യപദ്ധതി പരിഷ്ക്കരണത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിലൊന്നാണ്. വിദ്യാർത്ഥികളുടെ തൊഴിൽ അഭിരുചികൾ പ്രോത്സാഹി പ്പിക്കുന്നതിനായി 2020 ജൂൺ മുതൽ സംസ്ഥാനത്തെ 369 വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ദേശീയ തൊഴിൽ നൈപുണി ചട്ടക്കൂട് (എൻ.എസ്.ക്യൂ.എഫ്) അധിഷ്ഠിതമായ 46 ജോബ് റോളുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പാഠ്യപദ്ധതി പരിഷ്ക്കരണത്തോടനുബന്ധിച്ച് കൂടുതൽ കുട്ടികൾക്ക് തങ്ങളുടെ തൊഴിൽ അഭിരുചികൾ മനസ്സിലാക്കി മുന്നോട്ട് പോകുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നൽകുന്നുണ്ട്, |
| (ബി) | വിദ്യാർത്ഥികളിൽ ശരിയായ തൊഴിൽ സംസ്കാരത്തിനെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കാനും തൊഴിലിടങ്ങളിൽ ലിംഗസമത്വം അടക്കമുള്ള വിഷയങ്ങളിൽ ബോധവൽക്കരണം നടത്താനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | പാഠ്യപദ്ധതി പരിഷ്ക്കരണത്തിലൂടെയാണ് ഇത് ലക്ഷ്യമിടുന്നത്. കുട്ടികളിൽ തൊഴിൽ ആഭിമുഖ്യം, തൊഴിൽ മനോഭാവം, തൊഴിൽ നൈപുണി എന്നിവ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് |
| (സി) | വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തന്നെ തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാനും തൊഴിൽ അഭിരുചികൾ പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ പദ്ധതികൾ ആവിഷ്കരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | 2020 ജൂൺ മാസത്തിൽ സംസ്ഥാനത്തുടനീളം 389 വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ആരംഭിച്ച ദേശീയ തൊഴിൽ നൈപുണി ചട്ടക്കൂട് അധിഷ്ഠിത ജോബ് റോളുകൾ, ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷ പ്രാധാന്യം നൽകുന്ന തരത്തിലാണ് ആവിഷ്കരിച്ചിട്ടുള്ളത്. അതിനാൽ പ്രസ്തുത ജോ റോളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ട് |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്നതിന് ധാരാളം അവസരങ്ങൾ ലഭ്യമാണ്. 80 മണിക്കൂർ ഓൺ ദി ജോബ് പരിശീലനം, പ്രാദേശിക തൊഴിൽ വിദഗ്ദ്ധരുമായുള്ള സംവാദങ്ങൾ, തൊഴിൽശാലസന്ദർശനം എന്നിവയും പ്രസ്തുത ജോബ് റോളുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ എല്ലാ വർഷവും വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം നടത്തിവരുന്ന വൊക്കേഷണൽ എക്സ്പോ വഴിയും കുട്ടികൾക്ക് തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനും അപ്രന്റീസ്ഷിപ്പ് പരിശീലനത്തിനും തൊഴിൽ പ്രാപ്യതക്കും ഉള്ള അവസരങ്ങൾ ലഭ്യമാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ